എ.വൈ.ആർ

സൂറഃ-9

# അത്തൗബ

73. അല്ലയോ പ്രവാചകാ, ധർമധിക്കാരികളോടും കപടന്മാരോടും സമരം ചെയ്യുക. അവരോടു കർക്കശമായി വർത്തിക്കുക. നരകമാണവരുടെ അന്തിമ സങ്കേതം. എത്ര ദുഷ്ടമായ സങ്കേതം!
74. ന്യായമല്ലാത്തതൊന്നും പറഞ്ഞിട്ടില്ലെന്ന് അവർ ദൈവത്തെപ്പിടിച്ചാണയിടുന്നു. എന്നാൽ ആ സത്യനിഷേധ വചനം തീർച്ചയായും അവർ പറഞ്ഞിട്ടുണ്ട്. ഇസ്‌ലാം സ്വീകരിച്ച ശേഷം അവർ സത്യ നിഷേധികളായിത്തീർന്നു. തങ്ങൾക്ക് സാധ്യമായ ചിലതു ചെയ്യാൻ തുനിയുകയും ചെയ്തു. അവരുടെ ഈ വിരോധമൊക്കെയും അല്ലാഹുവും അവന്റെ ദൂതനും അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവരെ സമ്പന്നരാക്കിയതിനാൽ മാത്രമാകുന്നു. ഈ നിലപാടിൽനിന്നു വിരമിച്ച് സത്യത്തിലേക്കും ധർമത്തിലേക്കും മടങ്ങുകയാണെങ്കിൽ അതവർക്കു നല്ലത്. വിരമിക്കാൻ കൂട്ടാക്കാതെ പിന്തിരിയുകയാണെങ്കിലോ, ഇഹത്തിലും പരത്തിലും അല്ലാഹു അവർക്ക് വേദനയേറിയ ശിക്ഷയേകും. ഭൂമുഖത്ത് അവർക്ക് രക്ഷകനായോ സഹായിയായോ ആരും തന്നെയില്ല.

يَٰٓأَيُّهَا ٱلنَّبِيُّ جَٰهِدِ ٱلْكُفَّارَ وَٱلْمُنَٰفِقِينَ وَٱغْلُظْ عَلَيْهِمْ ۚ وَمَأْوَىٰهُمْ
جَهَنَّمُ ۖ وَبِئْسَ ٱلْمَصِيرُ ﴿٧٣﴾
يَحْلِفُونَ بِٱللَّهِ مَا قَالُوا۟ وَلَقَدْ قَالُوا۟ كَلِمَةَ ٱلْكُفْرِ وَكَفَرُوا۟ بَعْدَ إِسْلَٰمِهِمْ
وَهَمُّوا۟ بِمَا لَمْ يَنَالُوا۟ ۚ وَمَا نَقَمُوٓا۟ إِلَّآ أَنْ أَغْنَىٰهُمُ ٱللَّهُ وَرَسُولُهُۥ مِن فَضْلِهِۦ ۚ
فَإِن يَتُوبُوا۟ يَكُ خَيْرًا لَّهُمْ ۖ وَإِن يَتَوَلَّوْا۟ يُعَذِّبْهُمُ ٱللَّهُ عَذَابًا أَلِيمًا فِى ٱلدُّنْيَا
وَٱلْءَاخِرَةِ ۚ وَمَا لَهُمْ فِى ٱلْأَرْضِ مِن وَلِىٍّ وَلَا نَصِيرٍ ﴿٧٤﴾

يَٰٓأَيُّهَا ٱلنَّبِيُّ= അല്ലയോ പ്രവാചകാ جَٰهِدِ= നീ ജിഹാദ്(സമരം) ചെയ്യുക ٱلْكُفَّارَ= ധർമധിക്കാരികളോട് وَٱلْمُنَٰفِقِينَ= കപടന്മാരോടും
وَٱغْلُظْ= നീ കർക്കശമായി വർത്തിക്കുക عَلَيْهِمْ= അവരോട് وَمَأْوَىٰهُمْ= അവരുടെ(അന്തിമ) സങ്കേതം جَهَنَّمُ= നരകമാകുന്നു
وَبِئْسَ= (അത്) എത്ര ദുഷ്ടം ٱلْمَصِيرُ= ആ സങ്കേത(ം)ത്താൽ يَحْلِفُونَ بِٱللَّهِ= അവർ അല്ലാഹുവിനെ പിടിച്ചാണയിടുന്നു
مَا قَالُوا۟ = (ന്യായമല്ലാത്തതൊന്നും) അവർ പറഞ്ഞിട്ടില്ലെന്ന് وَلَقَدْ قَالُوا۟= തീർച്ചയായും അവർ പറഞ്ഞിട്ടുണ്ട്
كَلِمَةَ ٱلْكُفْرِ= ആ സത്യനിഷേധവചനം وَكَفَرُوا۟ = അവർ സത്യനിഷേധികളായി തീർന്നു
بَعْدَ إِسْلَٰمِهِمْ= അവരുടെ ഇസ്‌ലാമിന്(ഇസ്‌ലാം സ്വീകരിച്ച)ശേഷം وَهَمُّوا۟= അവർ തുനിഞ്ഞു, ഉദ്യുക്തരായി
بِمَا لَمْ يَنَالُوا۟ = അവർ പ്രാപിച്ചിട്ടില്ലാത്തതിന്(അസാധ്യമായ ചിലതു ചെയ്യാൻ)
وَمَا نَقَمُوٓا۟= അവർ വിരോധം പുലർത്തിയില്ല (ഈ വിരോധമൊക്കെയും)
إِلَّآ أَنْ أَغْنَىٰهُمْ= അവരെ സമ്പന്നരാക്കിയതിനല്ലാതെ (സമ്പന്നരാക്കിയതിനാൽ മാത്രമാകുന്നു)

ٱللَّهُ وَرَسُولُهُۥ= അല്ലാഹുവും അവന്റെ ദൂതനും مِن فَضْلِهِۦ= അവന്റെ (അല്ലാഹുവിന്റെ)അനുഗ്രഹത്താൽ
فَإِن يَتُوبُوا۟= അവർ പശ്ചാത്തപിച്ചാൽ (ഈ നിലപാട് ഉപേക്ഷിച്ച് സത്യത്തിലേക്കും ധർമത്തിലേക്കും മടങ്ങുകയാണെങ്കിൽ)
يَكُ خَيْرًا لَّهُمْ= അതവർക്ക് (നല്ലത്)നന്മയായിത്തീരും وَإِن يَتَوَلَّوْا۟= (വിരമിക്കാൻ കൂട്ടാക്കാതെ) പിന്തിരിയുകയാണെങ്കിലോ
يُعَذِّبْهُمُ ٱللَّهُ= അല്ലാഹു അവർക്ക് ശിക്ഷയേകും عَذَابًا أَلِيمًا= വേദനയേറിയ ശിക്ഷ
فِى ٱلدُّنْيَا وَٱلْـَٔاخِرَةِ= ഇഹലോകത്തും പരലോകത്തും وَمَا لَهُمْ= (ആരുംതന്നെ) അവർക്കില്ല فِى ٱلْأَرْضِ= ഭൂമുഖത്ത്
مِن وَلِىٍّ= രക്ഷകനാ(യി)ൽ وَلَا نَصِيرٍ= ഇല്ല (യും) സഹായിയാലും(യും)

**73,74:** ഇസ്‌ലാമിക സമൂഹവും അവരുടെ ഭൂപ്രദേശവും പുറമെ നിന്നുള്ള ഭീഷണികൾക്കു വിധേയമാകുന്ന സന്ദർഭങ്ങളിൽ സമൂഹത്തിനകത്തുള്ള കപടന്മാരെ മെത്തയിലെ പാമ്പുകളായി കണ്ട് കർക്കശമായി കൈകാര്യം ചെയ്യണമെന്ന് സമൂഹനേതൃത്വത്തോട് കൽപിക്കുകയാണ് ഈ സൂക്തങ്ങൾ. മദീനയിലെ വിശ്വാസികൾക്കിടയിൽ കുറെ കപടന്മാരുണ്ടെന്ന് നബി(സ)ക്ക് അറിയാമായിരുന്നു. അവർ ആരൊക്കെയെന്നും തിരുമേനി ഏറക്കുറെ മനസ്സിലാക്കിയിരുന്നു. എങ്കിലും ഇന്നിന്നവരൊക്കെ കപടന്മാരാണെന്നോ സംശയിക്കപ്പെടേണ്ടവരാണെന്നോ പ്രവാചകൻ വെളിപ്പെടുത്തിയിരുന്നില്ല. കപടന്മാർ സമീപിക്കുമ്പോൾ അവർ കപടന്മാരാണെന്നറിഞ്ഞുകൊണ്ടുതന്നെ പ്രവാചകൻ സാധാരണ വിശ്വാസികളോടെന്നവണ്ണം മാന്യമായും സൗമ്യമായും പെരുമാറി. ഈ മാന്യമായ സമീപനവും അല്ലാഹുവിന്റെ നിർദേശപ്രകാരമായിരുന്നു. *ആലുഇംറാൻ* 159-ാം സൂക്തത്തിൽ പറയുന്നു:

فَبِمَا رَحْمَةٍ مِّنَ ٱللَّهِ لِنتَ لَهُمْ ۖ وَلَوْ كُنتَ فَظًّا غَلِيظَ ٱلْقَلْبِ لَٱنفَضُّوا۟ مِنْ حَوْلِكَ ۖ فَٱعْفُ عَنْهُمْ وَٱسْتَغْفِرْ لَهُمْ وَشَاوِرْهُمْ فِى ٱلْأَمْرِ ۖ فَإِذَا عَزَمْتَ فَتَوَكَّلْ عَلَى ٱللَّهِ ۚ إِنَّ ٱللَّهَ يُحِبُّ ٱلْمُتَوَكِّلِينَ ﴿١٥٩﴾

(നീ ഏറെ സൗമ്യശീലനായത് അല്ലാഹുവിങ്കൽനിന്നുള്ള മഹത്തായ അനുഗ്രഹമാകുന്നു. കഠിനഹൃദയനായ പരുഷ സ്വഭാവിയായിരുന്നുവെങ്കിൽ നിന്റെ ചുറ്റുനിന്നും അവരെല്ലാം പിരിഞ്ഞു പോയതുതന്നെ. അവരുടെ തെറ്റുകൾ പൊറുക്കുക, അവരുടെ പാപമുക്തിക്ക് പ്രാർഥിക്കുക, കാര്യങ്ങൾ അവരോടു കൂടിയാലോചിക്കുക. എന്നിട്ട് തീരുമാനമെടുത്തു കഴിഞ്ഞാൽ അല്ലാഹുവിൽ സമർപ്പിച്ച് പ്രവൃത്തിച്ചു തുടങ്ങുക. അല്ലാഹു അവനിൽ സമർപ്പിച്ചു പ്രവർത്തിക്കുന്നവരെ സ്നേഹിക്കുന്നു.) അനുചരന്മാരെ അനുസരണവും ഐക്യവുമുള്ളവരായി മുന്നോട്ടു നയിക്കാൻ അവരോടുള്ള നേതൃത്വത്തിന്റെ സമീപനം സ്നേഹമസൃണവും മൃദുലവുമായിരിക്കണം. ഇതൊരു അടിസ്ഥാന തത്ത്വമാണ്. നേതൃത്വവും അണികളും തമ്മിലുള്ള സ്നേഹാദരവുകളിലൂട്ടപ്പെട്ട ഗാഢബന്ധം ഇസ്‌ലാമിന്റെ മൂല്യങ്ങളിൽ പെട്ടതുമാണ്. അതുകൊണ്ട് കപടന്മാരുടെ കാപട്യത്തിനു നേരെ പലപ്പോഴും തിരുമേനി കണ്ണടച്ചു. അവരെ സാധാരണ വിശ്വാസികളെപ്പോലെതന്നെ പരിഗണിക്കുകയും ചെയ്തു. തിരുമേനിയുടെ ഈ സമീപനം കപടന്മാരിൽ പലരെയും അവരുടെ നിലപാട് തിരുത്താനും ഇസ്‌ലാമിനെ ആത്മാർഥമായി ഉൾക്കൊള്ളാനും പ്രേരിപ്പിക്കുകയുണ്ടായി.

അന്നത്തെ സാഹചര്യത്തിൽ പ്രവാചകൻ കപടവിശ്വാസികളോട് സൗമനസ്യത്തോടെ വർത്തിച്ചതിനു ചില രാഷ്ട്രീയ താൽപര്യങ്ങളും ഉണ്ടായിരുന്നു. അവരെ ഇസ്‌ലാമിക സമൂഹത്തിൽ പെടാത്ത മറ്റൊരു വിഭാഗമായി മാറ്റിനിർത്തിയാൽ അത് രാഷ്ട്രത്തിന്റെ ഐക്യഘടനയെ ദുർബലമാക്കും. അത്തരം ഒരു വിഭാഗം ഇസ്‌ലാമിന്റെ ശത്രുക്കളുമായി ചേരാനുള്ള സാധ്യത ഏറെയാണ്. കപടന്മാർക്കെതിരെ കർശനമായ നടപടിയെടുക്കുന്നത് ഈ സാധ്യതക്ക് ആക്കംകൂട്ടിയെന്നും വരും. അപ്പോൾ ആഭ്യന്തര ശത്രുക്കളെയും ബാഹ്യശത്രുക്കളെയും ഒരേസമയം നേരിടേണ്ട ദുർഘടമാണ് ഇസ്‌ലാമിക സമൂഹത്തിനു വന്നുചേരുക. കപടന്മാർ തങ്ങൾ വിശ്വാസികളാണെന്ന് അവകാശപ്പെടുകയും മുസ്‌ലിംകൾ അവരെ സ്വസമൂഹത്തിന്റെ ഭാഗമായി അംഗീകരിക്കുകയും ചെയ്യുമ്പോൾ പരസ്യമായി ഇസ്‌ലാമിനോട് യുദ്ധം പ്രഖ്യാപിക്കാനോ യുദ്ധം പ്രഖ്യാപിച്ചവരുടെ പക്ഷത്ത് ചേരാനോ അവർക്കാവില്ല.

എന്നാൽ കപടന്മാരിൽ ചിലർ പ്രവാചകൻ കാണിക്കുന്ന സൗമനസ്യത്തെയും മുൻസൂക്തങ്ങളിൽ സൂചിപ്പിക്കപ്പെട്ടതുപോലെ, അദ്ദേഹത്തെ ആക്ഷേപിക്കാനും അപഹസിക്കാനുമുള്ള വകയായാണ് കണ്ടത്. മദീനക്കെതിരെ റോമക്കാരുടെ പടയോട്ട ഭീഷണി ഉയർന്ന സന്ദിഗ്ധ ഘട്ടത്തിൽ പോലും അവർ അത്തരം കുത്സിത ചെയ്തികളിൽനിന്ന് പിന്മാറിയില്ല. റോമൻ അധിനിവേശം ചെറുക്കാൻ മുതിരുന്നതുതന്നെ അദ്ദേഹത്തിന്റെ വ്യാമോഹത്തിന്റെയും വിവരക്കേടിന്റെയും നിദർശനമായി അവർ ആഘോഷിച്ചു. ചെറുത്തുനിൽപിനുവേണ്ടി തബൂക്കിലേക്ക് പോകുന്ന വിശ്വാസികളെ കഴിയുന്നത്ര നിരുത്സാഹപ്പെടുത്തി. റോമിനോടേറ്റുമുട്ടാൻ പോകുന്ന മുഹമ്മദും കൂട്ടരും ഇനി ജീവനോടെ മദീനയിലേക്ക് തിരിച്ചു വരരുത് എന്നവർ ഉൽക്കടമായി ആഗ്രഹിച്ചു. അതാണ് സംഭവിക്കാൻ പോകുന്നതെന്നും അതു സംഭവിച്ചു കഴിഞ്ഞാൽ മദീനയിൽ തങ്ങൾ ഉബയ്യ് ബിൻ കഅബിനെ രാജാവായി വാഴിക്കുമെന്നും ജനങ്ങളിൽ പ്രചാരവേല നടത്തുകയും ചെയ്തു. വ്യവസ്ഥാപിതമായ ഏതൊരു സമൂഹത്തെയും സംബന്ധിച്ചേടത്തോളം അക്ഷന്തവ്യവും ഗുരുതരവുമായ രാജ്യദ്രോഹ നടപടികളാണിത്. ഇത്തരം നടപടികളിലേർപ്പെട്ട കപടന്മാരോട് ജിഹാദ് (സമരം) ചെയ്യുകയും കർക്കശമായി വർത്തിക്കുകയും ചെയ്യണമെന്ന് പ്രവാചകനോടാവശ്യപ്പെടുകയാണ്.

ജിഹാദിന്റെ അർഥം നേരത്തെ വിശദീകരിച്ചിട്ടുള്ളതാണ്. ഇവിടെ കപടന്മാരോടൊപ്പം തുറന്ന സത്യനിഷേധികളെ കൂടി പരാമർശിച്ചിരിക്കുന്നു. രണ്ടു വിഭാഗത്തോടും വേണമെന്നാവശ്യപ്പെടുന്ന ജിഹാദ് രണ്ടു തരത്തിലുള്ളതാണ്. തുറന്ന സത്യനിഷേധികൾ (كفّار)ക്കെതിരെ ചെയ്യണമെന്നാവശ്യപ്പെടുന്ന ജിഹാദ്, സൂറാരംഭത്തിൽ കരാറുകളിൽ നിന്നു മുക്തരാക്കപ്പെട്ടവരായി പ്രഖ്യാപിച്ച വിഭാഗങ്ങളോടുള്ള സായുധ പോരാട്ടം തന്നെയാണ്. മുനാഫിഖുകളെ(കപടന്മാരെ) കാഫിറുകളോട് (സത്യനിഷേധികളോട്)ചേർത്തു പറഞ്ഞതുകൊണ്ട് ഇരുവരോടും ജിഹാദ് ചെയ്യണമെന്ന കൽപന മുനാഫിഖുകൾ യഥാർഥത്തിൽ കാഫിറുകളാണെന്നും, അവരും കാഫിറുകളോടുള്ള നട

പടി അർഹിക്കുന്നുവെന്നും സൂചിപ്പിക്കുന്നു. എങ്കിലും മുനാഫിഖുകൾക്കെതിരെ ചെയ്യാനാവശ്യപ്പെട്ടത് കാഫിറുകൾക്കെതിരെ ആവശ്യപ്പെട്ട ജിഹാദല്ല; കർശനമായ നിരീക്ഷണവും വിചാരണയും എന്ന അർഥത്തിലുള്ള ജിഹാദാണ്. وَاَغْلُظْ عَلَيْهِمْ (അവരോട് കർകശമായി വർത്തിക്കുക) എന്ന വാക്യം അതാണ് വ്യക്തമാക്കുന്നത്. അതായത്, ഇത്തരം സന്ദർഭങ്ങളിൽ അവരോട് സൗമനസ്യമോ മൃദുല സമീപനമോ വേണ്ട. അവരുടെ കാപട്യം വെളിപ്പെടുത്തപ്പെടുകയും ഭർത്സിക്കപ്പെടുകയും വേണം. അവരുടെ നീക്കങ്ങൾ നിരീക്ഷിക്കണം. രാജ്യത്തിനും ദീനിനുമെതിരെ അവർ നടത്തുന്ന പ്രവർത്തനങ്ങൾ തടയപ്പെടുകയും കണ്ടുപിടിച്ച് കർശനമായ വിചാരണക്കു വിധേയമാക്കുകയും വേണം. ഇതനുസരിച്ച് വിദ്രോഹകരമായ നടപടികളിലേർപ്പെട്ട പലരെയും നബി(സ) വിചാരണ ചെയ്യുകയുണ്ടായി. ആർക്കെതിരായും സായുധ നടപടി കൈക്കൊള്ളുകയുണ്ടായില്ല. ഇവിടെ കൽപിച്ച ജിഹാദിന്റെ താൽപര്യം ഒരു ആഭ്യന്തര യുദ്ധമല്ല എന്നതാണ് കാരണം.

തബൂക്കിലേക്ക് പോകാൻ വിസമ്മതിച്ചവർ അല്ലാഹുവിനെ പിടിച്ചാണയിട്ടുകൊണ്ട് ബാലിശവും വ്യാജവുമായ പല വിധ ഒഴികഴിവുകൾ പറഞ്ഞ് പ്രവാചകനെ തൃപ്തിപ്പെടുത്താൻ ശ്രമിച്ചതിനെക്കുറിച്ച് നേരത്തെ 62-65 സൂക്തങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്. അപകടകരമായ ദുഷ്പ്രചാരണങ്ങളിലും പ്രവർത്തനങ്ങളിലും ഏർപ്പെട്ടവർ വിചാരണാ വിധേയരായപ്പോൾ, തങ്ങൾ അങ്ങനെയൊന്നും പറയുകയോ പ്രവർത്തിക്കുകയോ ചെയ്തിട്ടില്ല എന്ന് സത്യം ചെയ്തുകൊണ്ടാണവർ രക്ഷപ്പെടാൻ ശ്രമിച്ചത്. അതെക്കുറിച്ചാണ് ഈ സന്ദർഭത്തിലെ പരാമർശം. എന്നാൽ അവർ ചെയ്യുന്നത് കള്ളസത്യമാണ്. മുസ്‌ലിംകളാണെന്ന് പ്രഖ്യാപിച്ച ശേഷം അവർ സത്യവിരോധികൾക്കു മാത്രം ഭൂഷണമായ വാദങ്ങൾ ഉന്നയിക്കുകയും പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇവിടെ സൂചിപ്പിക്കുന്ന വചനവും പ്രവർത്തനവും ഏതാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. നിവേദനങ്ങളിൽ പലസംഭവങ്ങളും ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. പ്രവാചകനെ ആക്ഷേപിച്ചുകൊണ്ടുള്ള വചനങ്ങളിൽ പ്രസിദ്ധമായ ഒന്ന് ഇങ്ങനെയാണ്. തബൂക്കിലേക്ക് പോകാൻ വിസമ്മതിക്കുന്നവരെ കുറ്റപ്പെടുത്തുന്നതിനെക്കുറിച്ച് അക്കൂട്ടത്തിൽപെട്ട ഇല്യാസുബ്നു സുഹൈദ് ആളുകളോടു പറഞ്ഞു: "ഈ വിദ്വാൻ പറയുന്നത് ശരിയാണെങ്കിൽ നമ്മുടെയൊക്കെ കാര്യം കഴുതകളെക്കാൾ കഷ്ടമാണേ!" നാട്ടിലെ പ്രമുഖരും പ്രധാനികളുമായ തങ്ങളെ ആക്ഷേപിക്കുന്ന പ്രവാചകന് ഒരു വിവരവുമില്ല എന്നപഹസിക്കുകയായിരുന്നു അയാൾ. വാർത്ത പ്രവാചകന്റെ ചെവിയിലെത്തി. തിരുമേനി അന്വേഷിച്ചപ്പോൾ, താനൊരിക്കലും അങ്ങനെ പറഞ്ഞിട്ടില്ല എന്ന് ദൈവത്തെപിടിച്ചാണയിടുകയാണ് ഇല്യാസ് ചെയ്തത്. അപ്പോഴാണ് ഈ സൂക്തം അവതരിച്ചത്. ഇദ്ദേഹം പിന്നീട് നിഷ്കളങ്കമായി പശ്ചാത്തപിക്കുകയും ആത്മാർഥതയുള്ള മുസ്‌ലിമായിത്തീരുകയും ചെയ്തുവെന്നും നിവേദകന്മാർ പ്രസ്താവിച്ചിരിക്കുന്നു.

അവർക്ക് ചെയ്യാൻ കഴിയാതെപോയ ചിലത് ചെയ്യാൻ തുനിഞ്ഞു എന്ന പരാമർശവുമായി ബന്ധപ്പെട്ട് ഉദ്ധരിക്കപ്പെടുന്ന ഒരു സംഭവം ഇതാണ്:

തബൂക്കിൽ പ്രവാചകൻ കൊല്ലപ്പെടുമെന്ന് പ്രതീക്ഷിച്ച കപടന്മാരെ നിരാശപ്പെടുത്തുന്നതായിരുന്നല്ലോ യുദ്ധഫലം. തിരിച്ചു പോരുമ്പോൾ മാർഗമധ്യേയുള്ള ഒരു മലയിടുക്കിൽ പ്രവാചകനെ കൊക്കയിലേക്ക് തള്ളിയിട്ട് അപായപ്പെടുത്താൻ അവർ പദ്ധതിയിട്ടു. നിശ്ചിത മലയിടുക്ക് തരണം ചെയ്യേണ്ടിവരിക രാത്രികാലത്തായതുകൊണ്ട് പദ്ധതി അനായാസം നടപ്പാക്കാമെന്നായിരുന്നു മോഹം. പക്ഷേ, ഗൂഢാലോചനയെക്കുറിച്ച് നബി(സ)ക്ക് അറിവുകിട്ടി. മലയിടുക്കിൽ പ്രവേശിക്കാതെ സമതലത്തിലൂടെയുള്ള പാതയിലൂടെ സഞ്ചരിക്കാൻ അദ്ദേഹം കൂടെയുള്ളവരോട് നിർദേശിച്ചു. എന്നാൽ പ്രവാചകൻ ഹുദൈഫതുബ്നു യമാനി, അമ്മാർബിൻ യാസിർ എന്നീ രണ്ടു ശിഷ്യന്മാരെയും കൂട്ടി മലയിടുക്കിലൂടെ തന്നെ യാത്ര തുടർന്നു. അതു മനസ്സിലാക്കിയ ഗൂഢാലോചനക്കാർ പ്രവാചകൻ അറിയാതെ അവരെ പിന്തുടർന്നു. കുറെ ചെന്നപ്പോൾ പിന്നിൽ ആളുകളുടെ കാലൊച്ച കേട്ടു. പ്രവാചകൻ കോപിച്ചു. പിന്നാലെ വരുന്നവരെ തിരിച്ചോടിക്കാൻ ഹുദൈഫയോടാവശ്യപ്പെട്ടു. ഹുദൈഫ തന്റെ കൈവശമുണ്ടായിരുന്ന ഗദയുമായി അവരെ നേരിട്ടു. മുഖംമൂടി ധരിച്ചിരുന്നതിനാൽ അദ്ദേഹത്തിനവരെ തിരിച്ചറിയാനായില്ല. എങ്കിലും എല്ലാവരും തിരിഞ്ഞോടി. ബൈഹഖിയുടെ നിവേദനത്തിൽ ഈ ഗൂഢാലോചനക്കാർ ആരൊക്കെയായിരുന്നുവെന്ന് അല്ലാഹു പ്രവാചകനെ അറിയിച്ചുവെന്നു പറഞ്ഞുകൊണ്ട് പന്ത്രണ്ടാളുകളുടെ പേരു പറയുന്നുണ്ട്. ഇതെക്കുറിച്ചാണ്, 'അവർക്ക് സാധിക്കാതെ പോയ ചിലത് ചെയ്യാൻ തുനിയുകയും ചെയ്തു' - وَهَمُّوا بِمَا لَمْ يَنَالُوا - എന്നു പറഞ്ഞതെന്നാണ് പൊതുവായ അഭിപ്രായം. നബി(സ) തബൂക്കിലേക്ക് പോയ തക്കത്തിൽ അബ്ദുല്ലാഹിബ്നു ഉബയ്യിനെ മദീനയിലെ രാജാവായി വാഴിക്കാൻ കപടവിശ്വാസികൾ നടത്തിയ വിഫല ശ്രമത്തെയാണീ വാക്യം സൂചിപ്പിക്കുന്നതെന്നാണ് ഇബ്നു അബീഹാതിം, അബുശ്ശൈഖ് തുടങ്ങിയവർ നിവേദനം ചെയ്തിട്ടുള്ളത്.

കപടവിശ്വാസികൾ പ്രവാചകനോടും ഇസ്‌ലാമിനോടും ഈവിധം വിദ്വേഷവും പകയും പ്രകടിപ്പിക്കുന്നതിന് യുക്തിസഹമായ കാരണങ്ങളൊന്നുമില്ല. വാസ്തവത്തിൽ ഇസ്‌ലാമിന്റെ ആഗമനം അവരുടെ സമ്പത്തും സുരക്ഷിതത്വവും വർധിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. അപ്രശസ്തമായ ഒരു ചെറുപട്ടണമായിരുന്നു നേരത്തെ മദീന. പ്രവാചകന്റെ ആഗമനത്തോടെ അത് അറേബ്യയുടെ മാത്രമല്ല പുറംലോകത്തിന്റെയും ശ്രദ്ധാകേന്ദ്രമായി. അങ്ങോട്ടുള്ള പരദേശികളുടെ വരവും പെരുകി. വ്യാപാരം പുഷ്ടിപ്പെട്ടു. ചില യുദ്ധങ്ങളെ നേരിടേണ്ടിവന്നുവെങ്കിലും ഓരോ യുദ്ധവും അവരുടെ യശസ്സും സമ്പത്തും വർധിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. യഥാർഥത്തിൽ ഇതൊക്കെ അനുഗ്രഹമായി കണ്ട് ഇസ്‌ലാമിനെയും പ്രവാചകനെയും സ്നേഹിക്കുകയും സഹായിക്കുകയുമാണ് അവർ ചെയ്യേണ്ടിയിരുന്നത്. പക്ഷേ സ്നേഹത്തിനും സഹകരണത്തിനും പകരം ദേഷ്യവും ദ്രോഹവുമാണവർ പ്രകടിപ്പിക്കുന്നത്. ഇനിയെങ്കിലും ഈ യാഥാർഥ്യം മനസ്സിലാക്കി ദ്രോഹ നടപടികളിൽനിന്നും കാപട്യത്തിൽനിന്നും പിന്മാറുകയാണെങ്കിൽ അതിന്റെ ഗുണം അവർക്കുതന്നെയാണ്. അന്തസ്സാർന്ന ആദർശശാലികളും സത്യസന്ധരുമായി ചരിത്രത്തിന്റെ താളുകളിൽ സ്ഥലം പിടിക്കാം. മരണാനന്തരം അവർണനീയമായ സൗഭാഗ്യങ്ങൾ നിറഞ്ഞ സ്വർഗീയാരാമങ്ങൾക്ക് അവകാശികളാകാം. അതല്ല അധർമത്തിന്റെയും കാപട്യത്തിന്റെയും മാർഗത്തിലൂടെ തന്നെ മുന്നോട്ടു പോവുകയാണെങ്കിൽ പൂർവസമുദായങ്ങൾ നേരിട്ടതുപോലുള്ള ദുരന്തം അവരെയും കാത്തിരിക്കുന്നുണ്ട്; ഇഹത്തിലും പരത്തിലും അലംഘനീയമായ ദൈവികശിക്ഷ. കാപട്യം വെളിപ്പെടുന്നതു മൂലമുണ്ടാകുന്ന മോഹഭംഗവും അവരുടെ ഭൗതിക താൽപര്യങ്ങളുടെയും കുത്സിത തന്ത്രങ്ങളുടെയും പരാജയവുമാണ് ഇഹത്തിലെ ശിക്ഷ. പരത്തിലെ ശിക്ഷ ശാശ്വത നരകവും. ഈ പരിണതിയിൽനിന്ന് അവരെ രക്ഷിക്കാൻ കഴിയുന്ന സഹായികളോ രക്ഷകരോ ആരും തന്നെ ഈ ഭൂമുഖത്തില്ല. ■